**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2052** **12-09-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പ വരുത്തുന്നതിനും വേണ്ടി ക്ഷീരകർഷകർക്കായും ക്ഷീരസഹകരണ സംഘങ്ങൾക്കായും പലവിധ പദ്ധതികൾ ക്ഷീരവികസന വകുപ്പിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു. ഉരുക്കളെ വാങ്ങുന്നതിനും, കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും, തീറ്റപ്പുൽകൃഷി ചെയ്യുന്നതിനും, തീറ്റപ്പുൽകൃഷി തോട്ടം ആധുനികവത്കരിക്കുന്നതിനും, കാലിത്തൊഴുത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും, പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനും, പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ ധനസഹായ പദ്ധതികൾ ക്ഷീരകർഷകർക്കായി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നു.<br><br>ക്ഷീരസഹകരണ സംഘങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനും, കെട്ടിടം പണിയുന്നതിനും, പാൽ പരിശോധന ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, പാൽ പരിശോധന ഉപകരണങ്ങൾ കൃത്യതയാർന്നത് ആക്കുന്നതിനും, ക്ഷീരസംഘത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിലവിൽ വകുപ്പ് ധനസഹായം നൽകി വരുന്നു. ഇതു കൂടാതെ കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് അനുസൃതമായും കാലഘട്ടത്തിന്റെ ആവശ്യതയ്ക്കനുസരിച്ചും ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉള്ള നിരവധി പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്.<br><br>സംസ്ഥാനത്തെ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചു |

| | | | |
|---|---|---|---|
| | | | നൽകിക്കൊണ്ടും, ചെലവ് കുറഞ്ഞ പാലുൽപാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിൽ എത്തിച്ചുകൊണ്ടും മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരകർഷകൻറെ വർദ്ധിച്ചുവരുന്ന ഉൽപാദനചെലവ് നിയന്ത്രിച്ചുകൊണ്ട് കൂടുതൽ പേരെ ക്ഷീരമേഖലയിലേക്ക് എത്തിക്കുവാനും അതുവഴി ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | ക്ഷീരകർഷകർക്ക് പരമാവധി വില ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ? | (ബി) | പാലിലെ മൊത്തം ഖരപദാർത്ഥങ്ങളെ അടിസ്ഥാനമാക്കിയാണ് ഇപ്പോൾ ക്ഷീരകർഷകർക്ക് പാലിന്റെ വില നൽകി വരുന്നത്. പാലിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പും, കൊഴുപ്പിതര പദാർത്ഥങ്ങളും മാനദണ്ഡപ്പെടുത്തി ഗുണനിലവാരം പരിശോധിക്കുന്നതിനും കൃത്യതയോടെ മനസ്സിലാക്കുന്നതിനും ആവശ്യമായ ഉപകരണങ്ങൾ സംസ്ഥാനത്തുടനീളമുള്ള എല്ലാ ക്ഷീരസംഘങ്ങളിലും ക്രമീകരിച്ചിട്ടുണ്ട്. ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ അതാത് ജില്ലകളിലുള്ള ക്ഷീരസംഘങ്ങളിലെ പാൽ പരിശോധനാ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാണോ എന്ന് സമയാ സമയങ്ങളിൽ പരിശോധന നടത്തി വരുന്നു. മിൽമ നിശ്ചയിച്ചിരിക്കുന്ന പാൽ വില ചാർട്ട് അനുസരിച്ചുള്ള പാൽ വില ക്ഷീരകർഷകർക്ക് ലഭിക്കുന്നുണ്ടോ എന്ന് ബ്ലോക്ക്തല ക്ഷീരവികസന ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നു. ഇത്തരത്തിൽ ക്ഷീരസംഘത്തിൽ പാലളക്കുന്ന ഓരോ കർഷകർക്കും തങ്ങളുടെ പാലിന്റെ ഗുണനിലവാരം അനുസരിച്ചുള്ള വില ലഭിക്കുന്നതിന് ക്ഷീരവികസന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാലിനാണ് ലിറ്ററിന് 5.03 രൂപ കർഷകന് വില വർദ്ധനവ് ലഭിക്കുന്നത്. സംസ്ഥാന ശരാശരിയായ 4.1/8.3 ഗുണനിലവാരമുള്ള പാലിന് മേഖലാ യൂണിയനുകൾ ലിറ്ററിന് 6.07 രൂപ വില വർദ്ധനവ് സംഘങ്ങൾക്ക് നൽകുമ്പോൾ സംഘങ്ങളിൽ നിന്നും കർഷകർക്ക് ലഭിക്കുന്ന വർദ്ധനവ് 5.68 രൂപയാണ്. കർഷകർക്ക് പരമാവധി സഹായം നൽകുക എന്ന രീതിയിൽ ഗുണനിലവാരത്തിനനുസരിച്ച് ക്രമാനുഗതമായ ചാർട്ട് ശാസ്ത്രീയമായാണ് തയ്യാറാക്കിയിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഗുണനിലവാരം കൂടുതൽ ഉള്ള പാൽ നൽകുന്ന സംഘങ്ങൾക്കും ഈ രീതിയിൽ ക്രമാനുഗതമായ വർദ്ധനവ് ലഭിക്കുന്നതാണ്. മേഖലായൂണിയനുകളിൽ നിന്നും ക്ഷീര സഹകരണ സംഘങ്ങളിലേക്കും, ക്ഷീര സംഘങ്ങളിൽ നിന്ന് കർഷകർക്കും വേണ്ടിയുള്ള പ്രത്യേകം ചാർട്ടുകൾ തയ്യാറാക്കി സംഘങ്ങളിലും മേഖലാ യൂണിയനുകളിലും എത്തിച്ചിട്ടുണ്ട്. കൃത്യമായി പത്ത് ദിവസത്തിലൊരിക്കൽ പാൽ വില നൽകുന്ന രീതിയാണ് മിൽമ അവലംബിക്കുന്നത്. |

സെക്ഷൻ ഓഫീസർ